**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1342** **19-09-2025 - ൽ മറുപടിയ്ക്ക്**

**അങ്കമാലി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ അങ്കമാലി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞിട്ടും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | അങ്കമാലി മണ്ഡലത്തിലെ അങ്കമാലി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണത്തിന് GO (Rt) No.1912/2024/ HOME dtd. 06/07/2024 HOME (S) Department ഉത്തരവ് പ്രകാരം 2104.08 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. ആർകിടെക്ചറൽ ഡ്രോയിംഗ് പുതുക്കുകയും ഫൗണ്ടേഷനിൽ മാറ്റം വരുത്തുകയും ചെയ്യേണ്ടതായി വന്നിരുന്നു. നിലവിൽ സിവിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധനയിലാണ്. |
| (ബി) | നിലവിൽ പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോയെന്നും സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും വിശദമാക്കാമോ; | (ബി) | സാങ്കേതിക അനുമതി നൽകിയ ശേഷം ടെണ്ടർ നടപടിയിലേക്ക് കടക്കാനാകും. പ്രസ്തുത പ്രവൃത്തിക്ക് ചീഫ് എൻജിനീയർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സാങ്കേതികാനുമതി നൽകിയതിന് ശേഷം സൂപ്രണ്ടിംഗ് എഞ്ചിനീയർ ജുഡീഷ്യൽ ബിൽഡിംഗ് സർക്കിൾ കാര്യാലയത്തിൽ നിന്നും ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഭരണാനുമതി നൽകി ഒരു വർഷം കഴിഞ്ഞ ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി എത്രയും വേഗം ടെണ്ടർ ചെയ്യുന്നതിന് അടിയന്തര നിർദ്ദേശം ചീഫ് എഞ്ചിനീയർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ സിവിൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകി സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും എത്രയും വേഗം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർറിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ